കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം ചാവക്കാട് നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.എം.ആർ.സലിംഷാ ഡ്യൂട്ടിക്ക് ഹാജരാകാതിരുന്ന 01/04/2007 മുതൽ 31/12/2007 വരെയുള്ള കാലയളവ് - ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2287/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 28/07/2016.

---

പരാമർശം : 1. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ എം ആർ സലിംഷാ യുടെ 5/12/2007 ലെ ഹർജി.

2. നഗരകാര്യ ഡയറക്ടറുടെ 19/06/2009, 30/01/2010 എന്നീ തിയതികളിലെ ഇ 5-18512/07 നമ്പർ കത്തുകൾ.

3.നഗരകാര്യ ഡയറക്ടറുടെ 01/10/2014,09/10/2015 എന്നീ തിയതികളിലെ വി1-19937/12 നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം ഒന്നിലെ ഹർജിയിൽ ചാവക്കാട് നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.എം.ആർ.സലിംഷാ ടിയാൻ ഡ്യൂട്ടിക്ക് ഹാജരാകാതിരുന്ന 01/04/2007 മുതൽ 31/12/2007 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ ശൂന്യവേതനവധിയായി റഗലറൈസ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ രണ്ടിലേയും മൂന്നിലേയും റിപ്പോർട്ട് സഹിതം വിശദമായി പരിശോധിച്ചു. ശ്രീ.എം.ആർ.സലിംഷാ 01/04/2007 മുതൽ 31/12/2007 വരെ ജോലിക്ക് ഹാജരാകാതിരുന്നതിന് ടിയാനെതിരെ നഗരകാര്യ ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതും ആയത് 07/06/2011 ലെ വി2-18152/2007 ഉത്തരവ് പ്രകാരം ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പ് കല്പിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാന് ശൂന്യവേതനാവധി ഇപ്പോൾ അനുവദിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ശ്രീ.എം.ആർ.സലിംഷാ ഡ്യൂട്ടിക്ക് ഹാജരാകാതിരുന്ന 01/04/2007 മുതൽ 31/12/2007 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അബ്ദുൽകലാം
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ശ്രീ.എം.ആർ.സലിംഷായുടെ സേവനപുസ്തകം ഉൾപ്പെടെ)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.എം.ആർ.സലിംഷാ,ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ(നഗരകാര്യ ഡയറക്ടർ മുഖേന)

✓ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E )/ Audit , തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.